(ബി) ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതിയായി നിശ്ചയിച്ചിരുന്ന 2015 ഏപ്രിൽ മാസം 24-ാം തീയതിയാണ് അദാനി പോർട്സ് ബിഡ്ഡ് സമർപ്പിച്ചത്. ബോംബെ, തിരുവനന്തപുരം എന്നിവിടങ്ങളിൽ ടെണ്ടറിന്റെ ഭാഗമായി നടന്ന പ്രീ-ബിഡ് മീറ്റിംഗുകളിലും ടെക്നിക്കൽ, ഫിനാൻഷ്യൽ, ലീഗൽ മീറ്റിംഗുകളിലും ഒന്നംതന്നെ മുഖ്യമന്ത്രി, ഇറമുഖ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ പങ്കെടുത്തിട്ടില്ല. ടെണ്ടറിൽ പങ്കെടുത്ത M/s Adani Ports & Special Economic Zone Ltd-ന്റെ ചെയർമാനുമായി അദാനി ഗ്രൂപ്പിന്റെ പോർട്ട് ഡയറക്ടർ ഉൾപ്പെടെയുള്ള കമ്പനി ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ മുഖ്യമന്ത്രി സംസാരിച്ചിരുന്നു. 2015 മാർച്ച് 3-ന് ഡൽഹിയിൽവച്ച് നടന്ന കൂടിക്കാഴ്ചയിൽ ടെണ്ടർ വ്യവസ്ഥകളെ സംബന്ധിച്ച് യാതൊരു ചർച്ചയും നടന്നിട്ടില്ല. ആരും ടെണ്ടറിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ ടെണ്ടർ സമർപ്പിക്കുന്ന തീയതിക്കുമുമ്പ് നടന്ന ഈ ചർച്ചയിൽ ടെണ്ടറിൽ പങ്കെടുക്കാൻ അവരിൽ താല്പര്യം ജനിപ്പിക്കുക മാത്രമായിരുന്നു ഉദ്ദേശം. ഈ ചർച്ചയിൽ മുഖ്യമന്ത്രിയോടൊപ്പം ഇറമുഖ വകുപ്പുമന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (ഇറമുഖം), ഡൽഹി റസിഡന്റ് കമ്മീഷണർ, ഇറമുഖ കമ്പനി മാനേജിംഗ് ഡയറക്ടർ, ഇറമുഖ കമ്പനി പ്രോജക്ട് മാനേജർ എന്നിവരും ഉണ്ടായിരുന്നു.

(സി) വിഴിഞ്ഞം പോർട്ടുമായി ബന്ധപ്പെട്ട് ഇന്ത്യക്ക് പുറത്തുവച്ച് ഇതുവരെ ഒരു ചർച്ചയും നടന്നിട്ടില്ല.

തീരദേശ റോഡ് പുനരുദ്ധാരണം

116. (120) <u>ശ്രീ. കെ. ദാസൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് തീരദേശ റോഡുകളുടെ പുനഃരുദ്ധാരണ പദ്ധതിയിൽപ്പെടുത്തി നവീകരിക്കുന്നതിനായി, കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതെല്ലാം റോഡുകളുടെ എസ്റ്റിമേറ്റ് ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടി ഹാർബർ എൻജിനീയറിംഗ് ചീഫ് എൻജിനീയറുടെ ഓഫീസിൽനിന്നും മത്സ്യബന്ധന ഇറമുഖ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ടായിരുന്നു എന്നത് റോഡുകളുടെ പേര്, എസ്റ്റിമേറ്റ് തുക, ഹാർബർ എൻജിനീയറിംഗ് ചീഫ് എൻജിനീയറുടെ ഓഫീസിലെ ഫയൽ നമ്പർ എന്നിവ സഹിതം എസ്റ്റിമേറ്റുകൾ സമർപ്പിച്ച വർഷം തിരിച്ച് വിശദമായി വ്യക്തമാക്കാമോ ; സമ്പൂർണ്ണ പട്ടിക ലഭ്യമാക്കാമോ ;

(ബി) മത്സ്യബന്ധന വകുപ്പിൽ സമർപ്പിക്കപ്പെട്ട പ്രസ്തുത എസ്റ്റിമേറ്റുകളിൽ ഓരോ വർഷവും സർക്കാർ പരിഗണിച്ചിട്ടുള്ള റോഡുകൾ ഏതെല്ലാം ; ഏതിനെല്ലാം എ.എസ്. നൽകിയെന്ന് വർഷം തിരിച്ച് വിശദമാക്കാമോ ;

(സി) ഇതിൽ പരിഗണിക്കാതെപോയ റോഡുകൾ ഏതെല്ലാമെന്നും അവ എപ്പോൾ എ.എസിന് പരിഗണിക്കുമെന്നും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിശദവിവരം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) വിശദവിവരം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(സി) എ. എസ്. ലഭിക്കാത്ത റോഡുകൾ ചുവടെ ചേർക്കുന്നു.

1. ചേമഞ്ചേരി പഞ്ചായത്തിൽ നവജ്യോതി റോഡിൽനിന്നും കാപ്പാട് റോഡിനെ ബന്ധിപ്പിക്കുന്ന റോഡ്
2. തിക്കോടി പഞ്ചായത്തിലെ തിക്കോടി അങ്ങാടി-തെക്കെ കടപ്പുറം റോഡ്
3. പയ്യോളി ഗ്രാമപഞ്ചായത്ത് വാർഡ് 18-ൽ വലിയപുരംപാലം തോട് നവീകരണ പ്രവൃത്തി
4. മേലടി ബീച്ച് മീൻ പെരിയാർ റോഡ്
5. ഭഗവാൻമുക്ക്-വലിയപുരം ആവിപാലം റോഡ്
6. ഇരിങ്ങൽ റെയിൽവേസ്റ്റേഷൻ-ഒന്നുവയിൽക്ഷേത്രം കുന്നങ്ങോത്ത് ശ്രീസുബ്രഹ്മണ്യം യു.പി. സ്കൂൾ
7. മുതിരക്കാൽമുക്ക് കോടിക്കൽ ബീച്ച് റോഡ്
8. നാരങ്ങോളിക്കുളം തെക്കയിൽമുക്ക് റോഡ്
9. ക്രിസ്ത്യൻപള്ളി മനയടത്ത് പറമ്പ് ഫിഷർമെൻ കോളനി റോഡ്
10. മനയടത്ത് പറമ്പ് മീത്തലെക്കണ്ടി റോഡ്
11. പൂക്കാട്-തുവ്വപ്പാറലിങ്ക് റോഡ്
12. കെട്ടുങ്ങൽ-കുന്നത്ത് മീത്തൽ റോഡ്
13. കൊല്ലം ബീച്ച് റോഡ് (കൊയിലാണ്ടി നഗരസഭ)
14. നച്ചാറത്ത് കൊരട്ടിമുക്ക് റോഡ് (6-ാം വാർഡ്)
15. നല്ലാട്ടിൽമുക്ക്-കോളോത്ത് മലയിൽ റോഡ് (തിക്കോടി പഞ്ചായത്ത്)
16. കൊയിലാണ്ടി വെള്ളേരുകുത്ത് റോഡ്
17. കണ്ണങ്കടവ് അഴീക്കൽ തുറമുഖ റോഡ് വാർഡ് 13 (ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

18. തോടത്തം കണിമഠാകുളങ്ങര റോഡ്

19. ഇവ്വക്കോട്-ശിശുമന്ദിരം ചെത്തിൽ താഴെമുതൽ ഇല്ലക്കണ്ടിമുക്ക് വരെയുള്ള റോഡ് (ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്)

20. പൂക്കാട് മുക്കാടി റോഡ് (ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്)

21. കെട്ടുമ്മൽ റോഡ് (ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്)

22. ശിശുമന്ദിരം റോഡ് (ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്)

ടി റോഡുകൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ ഭരണാനുമതി നൽകുവാൻ സാധിക്കുകയുള്ളൂ.

വിഴിഞ്ഞം പദ്ധതി

117 (121) ശ്രീ. പി. സി. ജോർജ്ജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം പദ്ധതി നടപ്പാക്കാൻ എന്നുമുതലാണ് ശ്രമം തുടങ്ങിയതെന്ന് തീയതി സഹിതം അറിയിക്കുമോ ; പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതിയുടെ നിർമ്മാണം ഏത് ഏജൻസിയെ ഏൽപിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതിയുടെ നിർമ്മാണത്തിനുള്ള കരാർ ഉറപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഏത് കമ്പനിക്കാണ് കരാർ നൽകിയത് ; ഇതിന്റെ കാലാവധിയും അടങ്കൽ തുകയും എത്രയാണെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതിയ്ക്കുവേണ്ടി വിഴിഞ്ഞം പ്രദേശത്ത് എത്ര ഏക്കർ ഭൂമിയാണ് സർക്കാർ ഏറ്റെടുക്കുന്നത് ; ഇതുമൂലം എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടിവരും ; വിശദമാക്കുമോ ;

(ഇ) പദ്ധതി നടപ്പാക്കുന്നതിനുള്ള എംപവേഡ് കമ്മിറ്റിയുടെ യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവികസനത്തിനുള്ള പ്രാരംഭ നടപടികൾ ആദ്യമായി ആരംഭിച്ചത് 1991-ൽ ആണ്. (തീയതി കാണിക്കുന്ന രേഖകൾ ഒന്നും തന്നെ ലഭ്യമല്ല.) ഇതിന്റെ ഫലമായി 1995-ൽ കമ്മാർ എനർജി കോർപ്പറേഷനുമായി ഒരു തുറമുഖവും വൈദ്യുതനിലയവും നിർമ്മിക്കുന്നതിന് അന്നത്തെ സർക്കാർ ഒരു

LIBRARY ARCHIVES Kerala Legislative Assembly